## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 531

09.02.2016-ലെ മറുപടിയ്ക്ക്

## കൺസ്യൂമർഫെഡ് മുഖേന വിലക്കയറ്റ നിയന്ത്രണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ടി.എൻ.പ്രതാപൻ<br>,, പി.എ.മാധവൻ<br>,, എം.പി.വിൻസെന്റ്<br>,, സണ്ണി ജോസഫ് | ശ്രീ.സി.എൻ.ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ മന്ത്രി) |
| (എ) കൺസ്യൂമർഫെഡ് മുഖേന വിലക്കയറ്റം നിയന്ത്രിക്കാൻ വിപണി ഇടപെടലിന് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; | (എ) കൺസ്യൂമർഫെഡ് മുഖേന വിലക്കയറ്റം നിയന്ത്രിക്കുവാൻ വിപണി ഇടപെടലിനായി പ്രത്യേക പദ്ധതികൾ ഒന്നും തന്നെ നടപ്പാക്കിയിട്ടില്ല. എന്നാൽ പൊതുമാർക്കറ്റിലെ വിലവർദ്ധനവ് നിയന്ത്രിക്കുന്നതിനായി പൊതുവിപണിയിൽ നിന്നും 20% വരെ വിലകുറച്ച് നന്മ സ്റ്റോറുകളിലൂടെയും വിലവർദ്ധനവിന് കൂടുതൽ സാദ്ധ്യതയുള്ള ഉത്സവകാലങ്ങളിൽ കൺസ്യൂമർ ഫെഡിന്റെ സഹകരണത്തോടെ നടത്തുന്ന സബ്സിഡി വിപണന മേളകളിലൂടെയും അവശ്യസാധനങ്ങൾ വിപണനം നടത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (ബി) സഹകരണ വകുപ്പ് കൺസ്യൂമർഫെഡ് മുഖാന്തിരം കാലാകാലങ്ങളിൽ നടത്തിവരുന്ന ഉത്സവ വിപണികളിലൂടെ വിലക്കയറ്റം നിയന്ത്രിക്കുകയും, തൽഫലമായി പൊതുജനങ്ങൾക്ക് മിതമായ നിരക്കിൽ അവശ്യനിത്യോപയോഗ സാധനങ്ങൾ പ്രാപ്യമായ |

സ്ഥലങ്ങളിൽ ലഭ്യമാക്കുകയുമാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്.

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

(സി) കാലാകാലങ്ങളിൽ നടത്തുന്ന സബ്സിഡി വിപണനമേളകൾ സംബന്ധിച്ച് കൺസ്യൂമർഫെഡിൽ നിന്നും ലഭിക്കുന്ന പ്രോജക്ട് റിപ്പോർട്ട് പരിശോധിച്ച് സർക്കാരിന്റെ അംഗീകാരത്തോടെ നടപ്പിലാക്കുകയും, കൂടാതെ ഓരോ വർഷത്തേയും ബഡ്ജറ്റ് തയ്യാറാക്കുമ്പോൾ സബ്സിഡി ഇനത്തിൽ കൺസ്യൂമർഫെഡിന് പൊതുവിപണി ഇടപെടലിനായി ഒരു നിശ്ചിത തുക വകയിരുത്തുകയും ആയത് അതാത് വർഷം അനുവദിച്ച് നല്കുകയും ചെയ്തുവരുന്നു.

സെക്ഷൻ ഓഫീസർ